**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2030** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈനിലെ ചതിക്കുഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഓൺലൈൻ മുഖേന പണം തട്ടിപ്പും മയക്കുമരുന്ന് വ്യാപാരവും സാധ്യമാകുന്നതിലൂടെ ആളുകൾ ചതിക്കുഴിയിൽ വീഴുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഓൺലൈൻ മുഖേന നടക്കുന്ന പണം തട്ടിപ്പും മയക്കുമരുന്ന് വ്യാപാരവും തടയുന്നതിനായി പൊതുജനങ്ങൾക്ക് സോഷ്യൽ മീഡിയ വഴിയും കൂടാതെ വിദ്യാർത്ഥികൾക്ക് സ്കൂൾ തലങ്ങളിൽ രൂപീകരിച്ചിരിക്കുന്ന Cyber Club- കൾ വഴിയും ബോധവൽക്കരണം നടത്തി വരുന്നുണ്ട്. സോഷ്യൽ മീഡിയ സെൽ നടത്തുന്ന Social Media Patrolling,സൈബർ സെൽ മുഖേന ഇന്റർനെറ്റ്/ ഡാർക്ക് വെബ് എന്നിവിടങ്ങളിൽ നടത്തുന്ന patrolling വഴി കണ്ടെത്തുന്ന വ്യാജ ഓൺലൈൻ Loan App-നെ App Store, Google Play Store എന്നിവിടങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച പരാതികളിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും തട്ടിപ്പ് നടത്തുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ട്, ഫോൺ നമ്പർ, ഇതുമായി ബന്ധപ്പെട്ട UPI അക്കൗണ്ട് എന്നിവ Freeze/Block ചെയ്യുന്നതിനുവേണ്ട നടപടികളും സ്വീകരിക്കാറുണ്ട്. ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനും ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ലൈംഗിക വ്യാപാരം, മയക്കു മരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ കണ്ടെത്തുവാനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുവാൻ കേരള പോലീസ് Granpel 1.0 എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. |
| (ബി) | വിവിധ ആപ്പുകളും വെബ്സൈറ്റുകളും വ്യക്തിപരവും ഔദ്യോഗികവുമായ വിവരം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവര ചോർച്ച മൂലം ഉണ്ടാകുന്ന അപായം ഒഴിവാക്കാൻ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലേ സ്റ്റോർ മുഖേന സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന പല ആപ്പുകളും അവ ഇൻസ്റ്റാൾ ചെയ്യുന്ന സമയത്ത് അനുവാദങ്ങൾ ചോദിക്കുമ്പോൾ അത് അനുവദിക്കുന്നതോടെ പ്രസ്തുത ഫോണിലെ |

| | | | |
|---|---|---|---|
| | ബോധവത്ക്കരണ പ്രവർത്തനം നടത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | | മുഴുവൻ വിവരങ്ങളും ചോർത്തിയെടുക്കുന്നതായും അതിലെ വിവരങ്ങൾ പിന്നീട് പ്രസ്തുത വ്യക്തിയെ ബ്ലാക്ക് മെയിൽ ചെയ്യുന്നതിന് ഉപയോഗിക്കുന്നതായും അറിവായിട്ടുള്ളതിനാൽ ഇത് ഒഴിവാക്കുന്നതിനായി അത്യാവശ്യമുള്ള ആപ്ലിക്കേഷനുകൾ മാത്രം പ്ലേസ്റ്റോർ മുഖേന ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുവാനും ആവശ്യമില്ലാത്തവ അൺ ഇൻസ്റ്റാൾ ചെയ്യുവാനും ഓരോ അപ്ലിക്കേഷനും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിന് മുമ്പ് അതിന്റെ Reviews, Terms & Conditions എന്നിവ മനസിലാക്കുവാനും അതിന് ശേഷം മാത്രം അവ ഉപയോഗിക്കുവാനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് റസിഡൻസ് അസോസിയേഷൻ, കുടുംബശ്രീ, ഐ.സി.ഡി.എസ്, സഖി, വിവിധ ജാഗ്രതാ സമിതികൾ മുഖേനയും സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ചും ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു |
| (സി) | കേരള പോലീസിന്റെ സൈബർ സെല്ലിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. സാബർ കുറ്റകൃത്യങ്ങളുടെ കാര്യക്ഷമമായ അന്വേഷണവും നിയമനടപടികളും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് 19 സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങളിലെ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C- DAC മുഖേന പോലീസ് ഉദ്യോഗസ്ഥർക്ക് 'Cyber Crime Investigation and Cyber Forensic-ൽ വിദഗ്ധ പരിശീലനം നൽകിയിട്ടുള്ളതും പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.ഇതിനു പുറമേ ഓൺലൈൻ തട്ടിപ്പുകേസുകളുടെ കുറ്റാന്വേശണങ്ങളിൽ സഹായിക്കുവാൻ പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ഹൈടെക് എൻക്വയറി സെല്ലും പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ടെക്നോളജിയിൽ Advanced Training നൽകുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള ശിപാർശ 2022-23 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ